പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *2 | 26.02.2018 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എസ്.രാജേന്ദ്രൻ**<br>**,, ബി.ഡി. ദേവസ്സി**<br>**,, ഡി.കെ. മുരളി**<br>**,, സി. കെ. ശശീന്ദ്രൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംയോജിത ബാല വികസന പദ്ധതികളുള്ള (ഐ.സി.ഡി.എസ്.) കേന്ദ്രവിഹിതം 35 ശതമാനം വെട്ടിക്കുറച്ചത് സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി സർക്കാർ അധിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; | (എ) കേന്ദ്ര സർക്കാരിന്റെ 23.11.2017 തീയതിയിലെ 11-36/2016-CD-1 നമ്പർ പ്രകാരമുള്ള പുതുക്കിയ മാനദണ്ഡ പ്രകാരം ജീവനക്കാരുടെ വേതനം ഇനത്തിൽ 2017 ഡിസംബർ 1 മുതൽ കേന്ദ്ര സംസ്ഥാന അനുപാതം 60:40 എന്നത് 25:75 ആക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 35 ശതമാനം അധിക ബാധ്യത സംസ്ഥാന സർക്കാർ വഹിച്ച് വരികയാണ്. 01.12.2017 മുതൽ 31.03.2018 വരെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ സംസ്ഥാന സർക്കാരിന് 2217.28 ലക്ഷം രൂപയുടെ അധിക ബാധ്യത വരുന്നതാണ്. 2018-19 മുതൽ ഓരോ വർഷവും 7699.57 ലക്ഷം രൂപ അധികമായി കണ്ടെത്തേണ്ടിയിരിക്കുന്നു. |
| (ബി) അംഗൻവാടികളെ ആധുനികവൽക്കരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുമായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | (ബി)<br>**മാതൃകാ അങ്കണവാടി**<br>അങ്കണവാടികളെ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടിയെ നിലവിലെ സൗകര്യങ്ങൾക്ക് പുറമെ നൂതന സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തി മാതൃക അങ്കണവാടിയായി ഉയർത്തി വരുന്നു. ആയതിന് ചുരുങ്ങിയത് 10 സെന്റ് സ്ഥലം പുതിയതായി കണ്ടെത്തി ആധുനിക സൗകര്യങ്ങൾ ഒരുക്കി ഇരുനില കെട്ടിടം നിർമ്മിച്ച് വരികയാണ്. നിലവിൽ ഈ പദ്ധതി പ്രകാരം 121 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് |

| | |
|---|---|
| | അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 87 എണ്ണം നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ കെട്ടിട നിർമ്മാണ നടപടികൾ പുരോഗമിച്ചു വരികയാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച മാതൃകാ അങ്കണവാടികളെ (3 ജി) 3 തലമുറകളുടെ (കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, മുതിർന്ന സ്ത്രീകൾ) സംഗമസ്ഥലമായി ഉയർത്തണമെന്ന ഉദ്ദേശത്തോടെ സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 21 മാതൃകാ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, ഫർണീച്ചറും വാങ്ങി നൽകിയിട്ടുണ്ട്. 52 മാതൃകാ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, ഫർണീച്ചറും മറ്റു സൗകര്യങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. നൂതന സാങ്കേതിക വിദ്യകൾ ഉൾകൊള്ളിച്ച് അങ്കണവാടി പ്രവർത്തനത്തെ കാലാനുസൃതമായി ഉയർത്തുന്നതിന് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ കൂടി കൈകൊണ്ടു വരുന്നു.<br>**<u>ഐ.ആർ.ടി.സി ട്രെയിനിംഗ്</u>**<br>അങ്കണവാടികൾ മുഖേനയുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി അങ്കണവാടി വർക്കർമാർക്ക് തുടർച്ചയായ പരിശീലനം നൽകി വരുന്നു. പാലക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഐ.ആർ.ടി.സി (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ) മുഖേന സമഗ്രമായ ഒരു പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്.<br>**<u>ജാതക്-ജനനി</u>**<br>ജാതക്, ജനനി എന്നീ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് ജനനം മുതൽ 5 വയസ്സ് വരെയുള്ള കുട്ടികളുടെ തൽസമയ നിരീക്ഷണം നടത്തി വരുന്നുണ്ട്. |

**ജിയോ ടാഗിങ്.**

വനിതാ ശിശു വികസന വകുപ്പിന് കീഴിലെ 33115 അങ്കണവാടികളും കൃത്യമായി മാപ്പ് ചെയ്യുന്നതിനായി ജി.പി.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് അങ്കണവാടികളുടെ സ്ഥാനം നിർണ്ണയിക്കുകയും അത് ഭൂപടത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന ജിയോ ടാഗിങ് നടപ്പിലാക്കി വരുന്നു.

**അങ്കണവാടി ഗ്രേഡിംഗ്**

അങ്കണവാടികൾ വഴി നൽകി വരുന്ന സേവനത്തിന്റെ ഗുണനിലവാരവും ഗുണഭോക്താക്കളുടെ എണ്ണവും നിലനിർത്തുന്നതിനും അങ്കണവാടികളുടെ മോണിറ്ററിംഗും പിന്തുണ സംവിധാനവും മെച്ചപ്പെടുത്തുന്നതിനുമായി വസ്തു നിഷ്ഠമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളെ ഗ്രേഡ് ചെയ്യുന്നു.

മേൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നു. കൂടാതെ ' അടിസ്ഥാന സൗകര്യമേഖലയിലും അങ്കണവാടികളുടെ നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കി വരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ 22,998 എണ്ണത്തിന് സ്വന്തമായി കെട്ടിടമുള്ളതാണ്. ബാക്കിയുള്ളവയ്ക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തി വരുന്നു. എല്ലാ അങ്കണവാടികളിലും ശുദ്ധമായ കുടിവെള്ള സൗകര്യവും ഉറപ്പാക്കുന്നതിനുള്ള നടപടികളും ശിശു സൗഹൃദ ടോയിലറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടികളിലെ പ്രീസ്കൂൾ

| | |
|---|---|
| | കുട്ടികൾക്ക് ECCE കരിക്കുലത്തിന് അനുയോജ്യമായ കാലോചിതവും ശാസ്ത്രീയവുമായ കളി ഉപകരണങ്ങൾ, മെഡിസിൻ കിറ്റ്, പ്രീ-സ്കൂൾ കിറ്റ് ആവശ്യം നേരിടുന്ന അടിയന്തിര സാഹചര്യങ്ങൾക്ക് ഫ്ളക്സി ഫണ്ട്, വൈവിധ്യമാർന്ന പോഷകാഹാരം, കൗമാരപ്രായക്കാർക്കും അമ്മമാർക്കും പ്രയോജനകരമായ ആരോഗ്യ പോഷണ വിദ്യാഭ്യാസം പരിപാടിയിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കൽ എന്നിവ അങ്കണവാടികളുടെ പരിഷ്കൃതമായ അവസ്ഥയിലേയ്ക്കുള്ള മാറ്റത്തിന് സഹായകരമാകുന്നു.<br>അങ്കണവാടി സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് പോലെയുള്ള പരിപാടി വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (സി) അത്യാധുനിക സംവിധാനത്തോടെ സംസ്ഥാനത്ത് ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (സി)<br>**<u>മൊബൈൽ ക്രഷ്</u>**<br>കേരളത്തിലെ നിർമ്മാണമേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും പ്രവർത്തിക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പകൽ സമയങ്ങളിൽ പരിപാലിക്കുക എന്ന ഉദ്ദേശത്തോടെ മൊബൈൽ ക്രഷ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൊച്ചി അർബൻ2 ഐ.സി.ഡി.എസ് ന് കീഴിലെ 76-ാം നമ്പർ അങ്കണവാടിയോടനുബന്ധിച്ച് പൈലറ്റ് അടിസ്ഥാനത്തിൽ മൊബൈൽ ക്രഷ് ആരംഭിച്ചിട്ടുണ്ട്.<br>**<u>നാഷണൽ ക്രഷ് സ്കീം</u>**<br>സംഘടിത/അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകളുടെ കുട്ടികളെ പകൽസമയങ്ങളിൽ സുരക്ഷിതമായി പരിചരിക്കുക എന്ന ഉദ്ദേശത്തോടെ സാമൂഹ്യക്ഷേമ ബോർഡ്, ശിശു ക്ഷേമ സമിതി എന്നീ ഏജൻസികൾ മുഖേന നടപ്പിലാക്കി വന്നിരുന്ന നാഷണൽ ക്രഷ് സ്കീം 01.01.2017 |

| | |
|---|---|
| | പ്രാബല്യത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇപ്രകാരം 571 കൃഷ്ണകളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.<br><br>**<u>മാതൃകാ അങ്കണവാടി</u>**<br><br>അങ്കണവാടികളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടിയെ നിലവിലെ സൗകര്യങ്ങൾക്ക് പുറമെ നൂതന സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തി മാതൃക അങ്കണവാടിയായി ഉയർത്തി വരികയാണ്. ആയതിന് ചുരുങ്ങിയത് 10 സെന്റ് സ്ഥലം പുതിയതായി കണ്ടെത്തി ആധുനിക സൗകര്യങ്ങൾ ഒരുക്കി ഇരുനില കെട്ടിടം നിർമ്മിച്ച് വരികയാണ്. നിലവിൽ ഈ പദ്ധതി പ്രകാരം 121 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 87 എണ്ണം നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ